## പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2405 17.08.2017 ന് മറുപടിയ്ക്ക്

### വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(എ) നിലവിലുണ്ട്.

(ബി) നഷ്ടപരിഹാരത്തുക നിലവിൽ എപ്രകാരമാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നല്കുന്നത് 1980-ലെ വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ്. നിലവിൽ ചട്ടങ്ങൾ പ്രകാരം നഷ്ടപരിഹാരം താഴെപ്പറയുന്ന വിധത്തിലാണ് നല്കിവരുന്നത്.

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.96/2014/വനം തീയതി . 17.11.2014 |
| 2. | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| 3. | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75000/- രൂപ | |
| 4. | വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75000/- രൂപ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ | സർക്കാർ ഉത്തരവ് (എം.എസ്) നം. 32/2013/വനം |

| | | | |
|---|---|---|---|
| | | ചെലവായ മുഴുവൻ തുകയും നല്കും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) | തീയതി 22.03.2013 |
| 5. | വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75000/- രൂപ) | |
| 6. | വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.2/2015/വനം തീയതി. 08.01.2015 സർക്കാർ ഉത്തരവ് (എം.എസ്) നം. 32/2013/വനം തീയതി. 22.03.2013. |

(സി) ഈ തുക കാലാനുസൃതമായി വർദ്ധിപ്പിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന കാര്യവും നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന വിഷയവും സർക്കാർ പരിശോധിയ്ക്കുന്നതാണ്.

(ഡി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായി തുക നൽകാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(ഡി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായി 20,00,000/- രൂപയോളം നല്കുവാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി തുക നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ